"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-എറണാകുളം ടൗൺ പോലീസ് സ്റ്റേഷനിലെ SCPO(Gr)12033 ശ്രീ.സുമേഷ് കെ.എസ്-ന് സിനിമയിൽ അഭിനയിക്കുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(പി)വകുപ്പ്**

സ.ഉ.(സാധാ) നം.2131/2026/HOME　　തീയതി,തിരുവനന്തപുരം, 24-06-2026

പരാമർശം:-
1. ശ്രീ.സുമേഷ് കെ.എസ്.SCPO(Gr) 12033 24/04/2026 തീയതിയായി സമർപ്പിച്ച അപേക്ഷ
2. സംസ്ഥാന പോലീസ് മേധാവിയുടെ 12/05/2026-ലെ എൻ2-85521/2026/PHQ നം.കത്ത്

**ഉത്തരവ്**

എറണാകുളം ടൗൺ പോലീസ് സ്റ്റേഷനിലെ SCPO(Gr) 12033 ശ്രീ.സുമേഷ് കെ.എസ്,തനിക്ക് ശ്രീ.ജോജു ജോർജ്ജ് സംവിധാനം ചെയ്യുന്ന "പരിപാടി" എന്ന ചിത്രത്തിൽ 25/06/2026&26/06/2026 എന്നീ തീയതികളിൽ അഭിനയിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയും,ആയത് സംസ്ഥാന പോലീസ് മേധാവി പരാമർശം(2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ടൗൺ പോലീസ് സ്റ്റേഷനിലെ SCPO(Gr) 12033 ശ്രീ.സുമേഷ് കെ.എസ്- ന് ശ്രീ.ജോജു ജോർജ്ജ് സംവിധാനം ചെയ്യുന്ന "പരിപാടി" എന്ന സിനിമയിൽ 25/06/2026& 26/06/2026 എന്നീ തീയതികളിൽ അഭിനയിക്കുന്നതിന് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിലെയും,പോലീസ് സേനാ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(എ)സിനിമയിൽ അഭിനയിക്കുന്നതിന് പ്രതിഫലം സ്വീകരിക്കരുത്

(ബി)അഭിനയം ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിക്കരുത്

(സി)സർക്കാരിൽ സമർപ്പിച്ച തിരക്കഥാ ശകലത്തിന്റെ പകർപ്പിൽ മാറ്റം വരുത്തി ടി സിനിമയിൽ അഭിനയിക്കരുത്.

(ഡി)ടി തിരക്കഥയിൽ സർക്കാരിന് എതിരായതോ,സാമൂഹ്യ വ്യവസ്ഥിതിക്ക് കോട്ടം വരുത്തുന്നതോ,പോലീസ് സേനയുടെ പ്രതിച്ഛായയ്ക്ക് കളങ്കം വരുത്തുന്നതോ ആയ യാതൊന്നും ഉണ്ടാകരുത്.

(ഇ)അഭിനയിക്കുന്നതിനായി അവധി എടുക്കുന്ന പക്ഷം അവധി അപേക്ഷ മുൻകൂട്ടി മേലധികാരിക്ക്

സമർപ്പിച്ച് അംഗീകാരം നേടിയിരിക്കണം

(എഫ്)സർക്കാരോ മേലധികാരിയോ ആവശ്യപ്പെടുന്ന മുറയ്ക്ക് ജോലിക്ക് ഹാജരാകണം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA S GEORGE

ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)തിരുവനന്തപുരം

ശ്രീ.സുമേഷ് കെ.എസ്.,SCPO(Gr) 12033(സംസ്ഥാന പോലീസ് മേധാവി മുഖേന)

വിവരപൊതുജന സമ്പർക്ക(വെബ്&ന്യൂ മീഡിയ)വകുപ്പ്

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sini George

Date: 24-06-2026 14:03:16

പകർപ്പ്:

ബഹു.ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രിയുടെ പ്രൈവെറ്റ് സെക്രട്ടറിക്ക്